പി.എഫ് 2-9908/ 2015

നഗരകാര്യ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
തീയതി : 6/5/2019
ഫോൺ: 0471-2314493
E mail ID duatvpm @gmail.com

പ്രേഷകൻ
നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ,

വിഷയം: കേരള മുനിസിപ്പൽ കോമൺ സർവ്വീസ്-ജീവനക്കാരുടെ പി.എഫ്.ക്രെഡിറ്റ് കാർഡ് 2018-19 അംഗീകരിക്കുന്നത്-സംബന്ധിച്ച്

***********

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ 2018-19 ലെ പി.എഫ് ക്രെഡിറ്റ് കാർഡ് അംഗീകരിക്കുന്നതിലേയ്ക്കായി Sthapana Software പരിശോധിച്ചതിൽ പൂർണ്ണമായ കണക്ക് വിവരങ്ങൾ ലഭ്യമല്ലെന്ന് കാണുന്നു. ജീവനക്കാരുടെ പി.എഫ്.ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്നതിലേയ്ക്കായി നഗരസഭയിലെ റഗുലർ/കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ 2018-19 വർഷത്തെ പി.എഫ് വിവരങ്ങൾ STHAPANA Software ൽ ഡാറ്റാ എൻട്രി നടത്തി 31.05.2019 നകം അംഗീകരിച്ച് അയയ്ക്കുന്നതിന് താൽപര്യപ്പെടുന്നു. പി.എഫ് ഡാറ്റാ എൻട്രി നടത്തി അംഗീകരിച്ച് അയയ്ക്കുന്ന ജീവനക്കാരുടെ പേരുവിവരം(പേര്, തസ്തിക,പി.എഫ് അക്കൗണ്ട് നമ്പർ) കൃത്യമായി അറിയിക്കേണ്ടതാണ്. DA/PRA രേഖപ്പെടുത്തുന്നതിന്റെ കൂടെ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും ഡി.ഡി/ചെല്ലാൻ നമ്പരും തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

മേൽ വിവരങ്ങൾ രേഖപ്പെടുത്തി 31.5.2019 നകം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

എസ്.ജയകൃഷ്ണൻ
പ്രോവിഡന്റ് ഫണ്ട് ഓഫീസർ
നഗരകാര്യ ഡയറക്ടർക്കുവേണ്ടി

വി.എസ്.ആർ